**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2186** **30-07-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ വന്യമൃഗ ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് വന്യമൃഗങ്ങൾ ജനവാസ മേഖലയിലിറങ്ങി കൃഷി-സ്വത്ത്- ആൾ നാശം വരുത്തുന്നതെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ കരുളായി, മൂത്തേടം, ചുങ്കത്തറ, അമരമ്പലം, എടക്കര, പോത്തുകൽ, വഴിക്കടവ് എന്നീ പഞ്ചായത്തുകളിലും നിലമ്പൂർ മുൻസിപ്പാലിറ്റിയിലുമാണ് വന്യമൃഗങ്ങൾ ജനവാസ മേഖലയിലിറങ്ങുന്നത്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ 2016 മുതൽ ജനവാസ മേഖലയിൽ വന്യമൃഗശല്യം സംബന്ധിച്ച് എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു; വന്യമൃഗങ്ങളുണ്ടാക്കിയ നാശനഷ്ടത്തിന്റെ കണക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (ബി) | 2016-17 മുതൽ 2020-2021 വരെ 589 സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ജനവാസ മേഖലയിൽ വന്യമൃഗശല്യം സംബന്ധിച്ച പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ വഴിക്കടവ്, മൂത്തേടം, പോത്തുകല്ല്, അമരമ്പലം, കരുളായി പഞ്ചായത്തുകളിലെ വന്യമൃഗ ശല്യം തടയുന്നതിന് 2019-20 വർഷത്തെ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തി ധനാനുമതി നൽകിയ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് രണ്ട് വർഷമായിട്ടും ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; ഇത് സംബന്ധിച്ച ഫയൽ നടപടികളുടെ നിലവിലെ അവസ്ഥയും ടി ഫയൽ ഏത് കാര്യാലയത്തിലാണെന്നും ഇൻവാർഡ് രജിസ്റ്റർ പ്രകാരം ഈ ഫയൽ മേൽ കാര്യാലയത്തിൽ എന്നാണ് എത്തിയതെന്നും അറിയിക്കാമോ; | (സി) | വഴിക്കടവ്, മുത്തേടം, പോത്തുകൽ ഫോറസ്റ്റ് സ്റ്റേഷൻ (അമരമ്പലം), കരുളായി പഞ്ചായത്തുകളിലെ വന്യമൃഗശല്യം തടയുന്നതിന് Crash Guard Rope Fencing ചെയ്യുന്നതിന് 2 കോടി രൂപ വിലയിരുത്തിയിരുന്നു. എന്നാൽ ആയതിനായുള്ള ഫണ്ട് ലഭ്യമായിരുന്നില്ല. 22/07/2019 ൽ വഴിക്കടവ് ഗ്രാമ പഞ്ചായത്തിൽ ചേർന്ന യോഗത്തിലെ തീരുമാന പ്രകാരം വഴിക്കടവ് ഗ്രാമ പഞ്ചായത്തിലെ വന്യമൃഗശല്യം ഏറ്റവും രൂക്ഷമായ തമ്പാൻപൊട്ടി മുതൽ ആനമറി വരെയുള്ള 5 കി.മീ. നീളം Crash Guard Rope Fencing നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വനം വകുപ്പിന് പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചു. ഇതിനു പുറമേ 3/08/2019 ൽ മൂത്തേടം ഗ്രാമ പഞ്ചായത്തിൽ വന്യമൃഗശല്യം കൂടുതലുള്ള 1,2,3,4,5,6,7,8,9 വാർഡുകളിലെ വനാതിർത്തികളിൽ ഇടുക്കി ജില്ലയിലെ മാങ്കുളം മോഡൽ Crash Guard Rope Fencing സ്ഥാപിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മറ്റൊരു കത്തും ലഭിക്കുകയുണ്ടായി. ടി പദ്ധതിയ്ക്ക് ആവശ്യമായ ഫണ്ട് ഇതുവരെയും ലഭ്യമായിട്ടില്ല. എന്നിരുന്നാലും അടങ്കൽ തയ്യാറാക്കി |

| | | | |
|---|---|---|---|
| | | | അംഗീകാരത്തിനായി നിലമ്പൂർ നോർത്ത് ഡിവിഷനിൽനിന്നും 22.06.2021 ന് പാലക്കാട് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നൽകിയിട്ടുണ്ടണ്ട്. എലിരല നിർമ്മിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള അടങ്കൽ തുക 4.785 കോടി രൂപ ആണ്. ഫെൻസ് പ്രൊപ്പോസ് ചെയ്തിട്ടുള്ള വഴിക്കടവ് പഞ്ചായത്തിലെ ആനമറി മുതൽ തമ്പാൻപൊട്ടി വരെയുള്ള 5 കിലോ മീറ്റർ ദൂരം മുഴുവനായി ഫെൻസ് ചെയ്താൽ മാത്രമേ ഇതുകൊണ്ടുള്ള പൂർണ്ണ ഉപയോഗം ലഭിക്കുകയുള്ളൂ എന്ന് വിലയിരുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് നിർവ്വഹിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ; ടി പദ്ധതി വനം വകുപ്പ് ഉപേക്ഷിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ? | (ഡി) | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ ടി പദ്ധതി നിർവ്വഹിക്കുവാൻ കഴിയുകയുള്ളു. ടി പദ്ധതി ഉപേക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ